**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5497** **03-11-2021 - ൽ മറുപടിയ്ക്ക്**

**ആത്മഹത്യ പ്രവണത തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആത്മഹത്യ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2019 ലെ കണക്ക് പ്രകാരം കേരളത്തിലെ ആത്മഹത്യാനിരക്ക് ലക്ഷത്തിൽ 24.3 ആണ്. ആത്മഹത്യ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യം വച്ച് സർക്കാർ 'ജീവരക്ഷ'- ആത്മഹത്യാ പ്രതിരോധ പദ്ധതി 2020 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ആത്മഹത്യാ നിരക്ക് കുറയ്ക്കുവാൻ ലക്ഷ്യമിട്ട് താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആരോഗ്യവകുപ്പിനു കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്. 1) ജീവരക്ഷാ- ആത്മഹത്യാ പ്രതിരോധ പദ്ധതിയിലൂടെ സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. മാനസിക വിഷമങ്ങൾ ഉള്ളവരുമായി ഇടപഴകുന്ന ആരോഗ്യ പ്രവർത്തകർ, പോലീസ്, ജനപ്രതിനിധികൾ, അധ്യാപകർ, മതപുരോഹിതർ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നു. ആത്മഹത്യയുടെ അപകട സൂചനകൾ, മന:ശാസ്ത്ര പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്. 2) 'ആശ്വാസം' - വിഷാദരോഗ ചികിത്സ പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദമുള്ളവരെ കണ്ടെത്തുവാനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുന്നു. വിഷാദ രോഗ നിർണ്ണയം, ചികിത്സക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുന്നു. ജില്ലാമാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3) 'സമ്പൂർണ്ണ മാനസികാരോഗ്യം' പദ്ധതി ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുകയുണ്ടായി. ആശമാരുടെ |

സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും, രോഗങ്ങളും, മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം ഉള്ളവരെയും കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC)തന്നെ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയാണിത് . ആശമാരുടെ പരിശീലനത്തിനൊപ്പം പഞ്ചായത്ത് ജനപ്രതിനിധികൾ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ സേന അംഗങ്ങൾ എന്നിവരെയും ബോധവൽക്കരണ ക്ലാസ്സുകൾ വഴി ഇതിൽ പങ്കാളികളാക്കുന്നു. സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതി വഴി- 1. മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാ രോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത, മറവിരോഗം തുടങ്ങിയവക്കെല്ലാം ചികിത്സ പ്രാഥമികാരോഗ്യ (ഗ്രാമ പഞ്ചായത്ത്) തലത്തിൽ തന്നെ ലഭ്യമാക്കുന്നു. 2.ചികിത്സ മുടക്കുന്നവരെ കണ്ടെത്തി തിരിച്ച് ചികിത്സയിലേയ്ക്ക് എത്തിക്കുന്നു. 3.ജനങ്ങൾക്കിടയിൽ മാനസികാരോഗ്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. 4.മാനസിക അസുഖങ്ങൾ ബാധിച്ചവർക്കുള്ള പുനരധിവാസപദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്തത് നടപ്പിലാക്കുന്നു. 4). “ഒറ്റയ്ല്ല ഒപ്പമുണ്ട്" - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മാനസിക - സാമൂഹിക പിന്തുണ നൽകുന്നതിനായി സൈക്യാടിസ്റ്റുകൾ, സൈക്യാടിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, കൗൺസിലർമാർ എന്നിവർ ഉൾപ്പെട്ട മാനസികാരോഗ്യ പ്രവർത്തകർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. . ഇവർ ക്വാറന്റൈൻ/ ഐസോലേഷനിൽ കഴിയുന്ന വർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. കൂടാതെ മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്ന ശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ എന്നിവർക്ക് ലോക്ക്ഡൗൺ സമയത്ത് 'സൈക്കോസോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. കൊറോണ രോഗ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ടെലി കൗൺസിലിംഗ് നൽകുന്നു. സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ്

| | | | |
|---|---|---|---|
| | | | കോളുകൾ നൽകുന്നു. ഇതുവരെ എല്ലാ വിഭാഗത്തിനുമായി 1,29,06,945 സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ ടീം സംസ്ഥാനമൊട്ടാകെ നൽകി കഴിഞ്ഞു. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2019 ലെ കണക്ക് പ്രകാരം കേരളത്തിലെ ആത്മഹത്യാനിരക്ക് ലക്ഷത്തിൽ 24.3 ആണ്. ആത്മഹത്യ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യം വച്ച് സർക്കാർ 'ജീവരക്ഷ'- ആത്മഹത്യാ പ്രതിരോധ പദ്ധതി 2020 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ആത്മഹത്യാ നിരക്ക് കുറയ്ക്കുവാൻ ലക്ഷ്യമിട്ട് താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആരോഗ്യവകുപ്പിനു കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്. 1) ജീവരക്ഷാ- ആത്മഹത്യാ പ്രതിരോധ പദ്ധതിയിലൂടെ സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. മാനസിക വിഷമങ്ങൾ ഉള്ളവരുമായി ഇടപഴകുന്ന ആരോഗ്യ പ്രവർത്തകർ, പോലീസ്, ജനപ്രതിനിധികൾ, അധ്യാപകർ, മതപുരോഹിതർ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നു. ആത്മഹത്യയുടെ അപകട സൂചനകൾ, മന:ശാസ്ത്ര പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്. 2) 'ആശ്വാസം' - വിഷാദരോഗ ചികിത്സ പദ്ധതി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദമുള്ളവരെ കണ്ടെത്തുവാനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുന്നു. വിഷാദ രോഗ നിർണ്ണയം, ചികിത്സക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുന്നു. ജില്ലാമാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3) 'സമ്പൂർണ്ണ മാനസികാരോഗ്യം' പദ്ധതി ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുകയുണ്ടായി. ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും, രോഗങ്ങളും, മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം ഉള്ളവരെയും കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC)തന്നെ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയാണിത് . ആശമാരുടെ പരിശീലനത്തിനൊപ്പം പഞ്ചായത്ത് ജനപ്രതിനിധികൾ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ സേന |

| | | | |
|---|---|---|---|
| | | | അംഗങ്ങൾ എന്നിവരെയും ബോധവൽക്കരണ ക്ലാസ്സുകൾ വഴി ഇതിൽ പങ്കാളികളാക്കുന്നു. സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതി വഴി- 1. മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാ രോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത, മറവിരോഗം തുടങ്ങിയവക്കെല്ലാം ചികിത്സ പ്രാഥമികാരോഗ്യ (ഗ്രാമ പഞ്ചായത്ത്) തലത്തിൽ തന്നെ ലഭ്യമാക്കുന്നു. 2.ചികിത്സ മുടക്കുന്നവരെ കണ്ടെത്തി തിരിച്ച് ചികിത്സയിലേയ്ക്ക് എത്തിക്കുന്നു. 3.ജനങ്ങൾക്കിടയിൽ മാനസികാരോഗ്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. 4.മാനസിക അസുഖങ്ങൾ ബാധിച്ചവർക്കുള്ള പുനരധിവാസപദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്തുത് നടപ്പിലാക്കുന്നു. 4) "ഒറ്റയ്ക്കല്ല ഒപ്പമുണ്ട്" - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മാനസിക - സാമൂഹിക പിന്തുണ നൽകുന്നതിനായി സൈക്യാട്രിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, കൗൺസിലർമാർ എന്നിവർ ഉൾപ്പെട്ട മാനസികാരോഗ്യ പ്രവർത്തകർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. . ഇവർ ക്വാറന്റൈൻ/ ഐസോലേഷനിൽ കഴിയുന്ന വർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. കൂടാതെ മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്ന ശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ എന്നിവർക്ക് ലോക്ക്ഡൗൺ സമയത്ത് 'സൈക്കോസോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. കൊറോണ രോഗ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ടെലി കൗൺസിലിംഗ് നൽകുന്നു. സ്കൂൾ കുട്ടികളുടെ മാനസിക മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും സൈക്കോ സോഷ്യൽ സപ്പോർട്ട്/ കൗൺസിലിംഗ് കോളുകൾ നൽകുന്നു. ഇതുവരെ എല്ലാ വിഭാഗത്തിനുമായി 1,29,06,945 സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ ടീം സംസ്ഥാനമൊട്ടാകെ നൽകി കഴിഞ്ഞു. |
| (സി) | 2021-ൽ നാളിതുവരെ സംസ്ഥാനത്ത് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; വർദ്ധിച്ചുവരുന്ന ആത്മഹത്യ പ്രവണതയെക്കുറിച്ച് | (സി) | 2021 ൽ നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ കണക്ക് ആരോഗ്യ വകുപ്പിനു കീഴിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആത്മഹത്യ പ്രവണത യുടെ കാരണങ്ങളെ പറ്റി പഠനം ആരോഗ്യവകുപ്പിന്റെ കീഴിൽ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;<br>വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ